**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 137** **22-07-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ പൊതുമേഖല വ്യവസായസ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ജില്ല രൂപീകരിച്ചതിനു ശേഷം ജില്ലയിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി. എച്ച്. ഇ .എൽ -ഉം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ കാസർഗോഡ് യൂണിറ്റിന്റെയും സംയുക്ത സംരംഭമായി ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL - Electrical Machines Ltd) എന്ന സ്ഥാപനം 2011-ൽ പ്രവർത്തനം ആരംഭിച്ചു. ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചതിനെ തുടർന്ന് ഭെൽ -ഇ.എം.എൽ-നെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി ഉദുമ ടെക്സ്റ്റൈൽ മിൽ കാസർഗോഡ് ജില്ലയിൽ 2018 ഒക്ടോബർ 29 മുതൽ പ്രവർത്തനം ആരംഭിച്ചു. കോട്ടൺ നൂലാണ് സ്ഥാപനം ഉൽപ്പാദിപ്പിക്കുന്നത്. 11088 സ്പിൻഡിൽസ് കപ്പാസിറ്റിയാണുള്ളത്. 141 ജീവനക്കാരാണ് സ്ഥാപനത്തിലുള്ളത്. |
| (ബി) | എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണാരംഭിച്ചതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഇപ്പോൾ എങ്ങനെ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി. എച്ച്. ഇ .എൽ -ഉം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ കാസർഗോഡ് യൂണിറ്റിന്റെയും സംയുക്ത സംരംഭമായി ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL - Electrical Machines Ltd) എന്ന സ്ഥാപനം 2011-ൽ പ്രവർത്തനം ആരംഭിച്ചു. ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചതിനെ തുടർന്ന് ഭെൽ -ഇ.എം.എൽ-നെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി ഉദുമ ടെക്സ്റ്റൈൽ മിൽ കാസർഗോഡ് ജില്ലയിൽ 2018 ഒക്ടോബർ 29 മുതൽ പ്രവർത്തനം ആരംഭിച്ചു. |

| | | | |
|---|---|---|---|
| | | | കോട്ടൺ നൂലാണ് സ്ഥാപനം ഉൽപ്പാദിപ്പിക്കുന്നത്. 11088 സ്പിൻഡിൽസ് കപ്പാസിറ്റിയാണുള്ളത്. 141 ജീവനക്കാരാണ് സ്ഥാപനത്തിലുള്ളത്. |
| (സി) | ജില്ല രൂപീകരിച്ചതിനു ശേഷം ആരംഭിച്ച ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടോ; എങ്കിൽ പൂട്ടാനുള്ള കാരണവും സാഹചര്യവും വ്യക്തമാക്കാമോ; | (സി) | ഇല്ല |
| (ഡി) | ഇന്നത്തെ കാസർകോട് ജില്ല, അവിഭക്ത കണ്ണൂർ ജില്ലയിലായിരുന്നപ്പോൾ ഇപ്പോഴത്തെ കാസർകോട് ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിരുന്നോ; എങ്കിൽ പ്രസ്തുത സ്ഥാപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കാമോ? | (ഡി) | ഉണ്ട്. കാസർഗോഡ് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി ആരംഭിച്ചത് 1978 ൽ ആയിരുന്നു. എച്ച്.എം.റ്റി.ക്കു വേണ്ടി വാച്ച് അസംബ്ലി ചെയ്യുന്ന യൂണിറ്റായിട്ടാണ് ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്നത്. വിപണിയിലെ കടുത്ത മത്സരം കാരണം എച്ച്.എം.റ്റി.യിൽ നിന്നും ഓർഡർ ലഭിക്കാതെ വന്നതിനെത്തുടർന്ന് ടി കമ്പനി പ്രതിസന്ധിയിലാകുകയും 2002 മുതൽ പ്രവർത്തനരഹിതവുമാണ്. |

സെക്ഷൻ ഓഫീസർ